**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3391** **14-07-2022 - ൽ മറുപടിയ്ക്ക്**

**എസ്.എഫ്.എ.സി. വഴി നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷികോല്പന്നങ്ങളുടെ മൂല്യ വർദ്ധനവിനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും എസ്.എഫ്.എ.സി. വഴി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം നൽകുമോ? | (എ) | ഉണ്ട്. എല്ലാ കാർഷികോല്പന്നങ്ങളുടെയും മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ട് ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം (എസ്.എഫ്.എ.സി.) മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യ വർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി (MSME). MSME പദ്ധതി പ്രകാരം നൽകുന്ന ആനുകൂല്യത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.<br><br>ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക മേഖലയിലെ സംരംഭകർക്ക് അവരുടെ ഫാക്ടറിയുടെ കെട്ടിട നിർമ്മാണം, യന്ത്രവൽക്കരണം, മാലിന്യ സംസ്കരണം, ഓഫീസ് ഉപകരണങ്ങൾ, സാങ്കേതിക വിദ്യ തുടങ്ങിയ എല്ലാ ഘടകങ്ങൾക്കും ധനസഹായം നൽകുന്നു. സംരംഭകർ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിനായി www.sfackerala.org എന്ന വെബ്സൈറ്റ് മുഖേന അപേക്ഷ സമർപ്പിക്കണം. അപേക്ഷയോടൊപ്പം വിശദമായ പ്രോജക്ട് റിപ്പോർട്ട്, നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ, ബാങ്ക് വായ്പയെ സംബന്ധിച്ചുള്ള വിവരങ്ങൾ, മൂല്യ വർദ്ധനവിന് ഉപയോഗിക്കുന്ന ഉല്പന്നത്തിന്റെ വിശദാംശങ്ങൾ തുടങ്ങിയവ സമർപ്പിക്കണം. സബ്സിഡി തുക നൽകുന്നത് മൂലധന നിക്ഷേപത്തിന് അനുസൃതമായാണ്. സബ്സിഡിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>ദേശസാൽകൃത/ സ്വകാര്യ/ ഷെഡ്യൂൾഡ്/ സഹകരണ/ ഗ്രാമീണ ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ഗവൺമെന്റ് ഉടമസ്ഥതയിലുള്ള ബാങ്കിതര ധനകാര്യസ്ഥാപനങ്ങളിൽനിന്നും ഗുണഭോക്താക്കൾക്ക് വായ്പ എടുക്കാവുന്നതാണ്. ബാങ്ക് വായ്പ അനുവദിക്കുന്ന മുറയ്ക്ക് പ്രോജക്ട് റിപ്പോർട്ടും ബാങ്കിന്റെ അനുമതിപത്രവും |

എസ്.എഫ്.എ.സി.ക്ക് സമർപ്പിക്കേണ്ടതാണ്. സംയുക്ത സംരംഭ പ്രോജക്ടുകൾക്ക് പാർട്ണർഷിപ്പ് ഉടമ്പടി, മെമ്മോറാണ്ടം/ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ (കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക്) എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. സ്വന്തം പേരിലുള്ളതോ ഡയറക്ടർ ബോർഡ് മെമ്പറുടെ ഉടമസ്ഥതയിലുള്ളതോ ആയ സ്ഥലത്താണ് സംരംഭം പ്രവർത്തിക്കുന്നതെങ്കിൽ പ്രസ്തുത സ്ഥാപനത്തിന്റെ നികുതി അടച്ച രസീതിന്റെ പകർപ്പോ പാട്ടത്തിനാണെങ്കിൽ 10 വർഷത്തിനുമുകളിൽ കാലാവധിയുള്ള പാട്ടക്കരാറിന്റെ പകർപ്പും ഹാജരാക്കേണ്ടതാണ്. പദ്ധതി രൂപരേഖ എസ്.എഫ്.എ.സി.യുടെ സാങ്കേതിക സമിതിയുടെ വിശദപരിശോധനയ്ക്ക് വിധേയമാക്കി റിപ്പോർട്ട് നൽകുന്ന മുറയ്ക്ക് ഗവേർണിംഗ് ബോഡിയുടെ അംഗീകാരത്തിനു ശേഷം സബ്സിഡി തുക സംരംഭകരുടെ വായ്പ അക്കൗണ്ടിലേക്ക് ബാക്ക് എൻഡഡ് സബ്സിഡിയായി നിക്ഷേപിക്കുന്നതാണ്. സംരംഭത്തിന്റെ പ്രവർത്തനങ്ങൾ തുടങ്ങി കുറഞ്ഞത് 5 വർഷമെങ്കിലും വിജയകരമായി പ്രവർത്തിക്കേണ്ടതാണ്.

2021-22 സാമ്പത്തിക വർഷം MSME പദ്ധതി പ്രകാരം 17 സംരംഭകർക്ക് ആനുകൂല്യമായി 2,47,74,519/- രൂപ നൽകിയിരുന്നു. 2022-23 കാലയളവിൽ 400 ലക്ഷം രൂപയാണ് ഈ പദ്ധതിയ്ക്കായി വകയിരുത്തിയിരിക്കുന്നത്.

കേരളത്തിലെ അസംഘടിത മേഖലയിലെ കർഷകരെ സംഘടിത ശക്തിയായി വളർത്തുന്നതിനും അവരുടെ ഉല്പന്നങ്ങൾക്ക് പരമാവധി വില ഉറപ്പുവരുത്തുന്നതിനും തദ്വാര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമാണ് കർഷക ഉത്പാദക സംഘടനകൾ (FPO കൾ) RKVY പദ്ധതി പ്രകാരം SFAC രൂപീകരിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതി പ്രകാരം പുതുതായി 39 കർഷക ഉത്പാദക സംഘടനകൾ രൂപീകരിച്ചിട്ടുണ്ട്.

കർഷകരെ സംഘടിപ്പിക്കുക, അവർക്കാവശ്യമുള്ള സാങ്കേതിക വിദ്യ, ഉല്പാദനോപാധികൾ, വായ്പ സംവിധാനം, ഇൻഷ്വറൻസ് പരിരക്ഷ, ഉല്പാദന മേഖലയിൽ ധനം നിക്ഷേപിക്കുന്നതിനുള്ള ആർജ്ജവം അസംഘടിത മേഖലയിൽ വർത്തിക്കുന്ന കർഷകരിൽ വളർത്തിയെടുക്കുക, അവരുടെ ഉല്പന്നങ്ങൾക്ക് കൂട്ടായ വിപണന മാർഗ്ഗങ്ങൾ അവലംബിക്കാൻ പ്രോത്സാഹനം നൽകുക,

| | | | |
|---|---|---|---|
| | | | കാർഷിക ഉല്പാദനം മെച്ചമാക്കുന്നതിന് പുതിയ ശാസ്ത്രീയ കൃഷി രീതികളിൽ പരിശീലനം നൽകുക, കാർഷിക ഉല്പന്നങ്ങൾക്ക് ഗ്രേഡിംഗ്, സോർട്ടിംഗ്, പാക്കിംഗ് എന്നിവ നടത്തുന്നതിന് പാക്ക് ഹൗസുകൾ സ്ഥാപിക്കുക, ഉല്പന്നങ്ങൾക്ക് സർക്കാർ നേതൃത്വം വഹിച്ചുകൊണ്ട് ബ്രാൻഡിംഗ് ഏർപ്പെടുത്തുക എന്നിങ്ങനെയുള്ള വിവിധ പ്രവർത്തനങ്ങളാണ് കർഷക ഉല്പാദക സംഘടനകൾ രൂപീകരിക്കുക വഴി സർക്കാർ ലക്ഷ്യമിടുന്നത്. കൂടാതെ കർഷകർക്ക് ന്യായമായ നിരക്കിൽ അവരുടെ ആവശ്യത്തിനുതകുന്ന യന്ത്ര സാമഗ്രികൾ നൽകുന്നതിനുള്ള കസ്റ്റം ഹയറിംഗ് സെന്ററുകളും ഉല്പാദനോപാധികൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് ഇൻപുട്ട് സെന്ററുകളും സ്ഥാപിക്കുന്നത് കർഷക ഉല്പാദക സംഘടനകൾ വഴി സാധ്യമാകുന്നു. ആഭ്യന്തര ഉപയോഗത്തിന് ശേഷം ബാക്കിയായി വരുന്ന കാർഷിക ഉല്പന്നങ്ങൾ മൂല്യ വർദ്ധിത ഉല്പന്നങ്ങളാക്കി വിപണനം മെച്ചപ്പെടുത്തുന്നു. എഫ്.പി.ഒ. കൾക്ക് വിവിധ പദ്ധതി പ്രകാരം നൽകുന്ന എല്ലാ ആനുകൂല്യങ്ങളും സംയോജിപ്പിച്ച് നൽകുന്നു. ഇത്തരത്തിൽ അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (AIF), MSME പദ്ധതി തുടങ്ങിയ വിവിധ പദ്ധതിയാനുകൂല്യങ്ങൾ കർഷക ഉല്പാദക സംഘടനകളുടെ ശാക്തീകരണത്തിനായി സംയോജിപ്പിച്ചിട്ടുണ്ട്. നിലവിൽ പുതുതായി രൂപീകരിക്കുന്ന ഒരു കർഷക ഉല്പാദക സംഘടനയ്ക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ പരമാവധി 60 ലക്ഷം രൂപയാണ് മൂന്ന് വർഷത്തേക്ക് വകയിരുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | സംരംഭം | മൂലധന നിക്ഷേപം | സബ്സിഡി |
|---|---|---|---|
| 1 | സൂക്ഷ്മ തല സംരംഭം | 10 ലക്ഷം രൂപ മുതൽ 25 ലക്ഷം രൂപ വരെയുള്ള സംരംഭം | 50% പരമാവധി 10 ലക്ഷം |
| 2 | ചെറുകിട സംരംഭം | 25 ലക്ഷം മുതൽ 1 കോടി വരെയുള്ള സംരംഭം | 40% പരമാവധി 25 ലക്ഷം |
| 3 | ഇടത്തരം സംരംഭം | 1 കോടി മുതൽ 5 കോടി വരെ | 30% പരമാവധി 50 ലക്ഷം |

സെക്ഷൻ ഓഫീസർ

Scanned with CamScanner